सत्यमेव जयते

# റിപ്പബ്ലിക് ദിന സന്ദേശം

# 2011

ശ്രീ. ജെ. കെ ദാദൂ, ഐ. എ. എസ്.
അഡ്മിനിസ്ട്രേറ്റർ
യു. ടി. ഓഫ് ലക്ഷദ്വീപ്

1. ലക്ഷദ്വീപിലെ പ്രിയപ്പെട്ട പൗരന്മാരെ, പാർലമെൻറ് മെമ്പർ, അഡ്വക്കറ്റ് ഹംദുള്ളാ സഈദ്, പ്രസിഡൻറ് - കം-ചീഫ് കൗൺസലർ, ശ്രീ എ. ജലാലുദ്ദീൻകോയ, കവരത്തി വില്ലേജ് ദ്വീപ് പഞ്ചായത്ത് ചെയർപേഴ്സൺ, ശ്രീ ആച്ചാട അഹ്മദ് ഹാജി, ജില്ലാ പഞ്ചായത്ത് അംഗങ്ങളെ, വില്ലേജ് (ദ്വീപ്) പഞ്ചായത്ത് അംഗങ്ങളെ, വിവിധ വകുപ്പ് മേധാവികളെ, കർമ്മോത്സുകരായ സർക്കാർ ഉദ്യോഗസ്ഥരെ, പ്രിയപ്പെട്ട കുട്ടികളെ,

2. നമ്മുടെ റിപ്പബ്ലിക്കിൻെറ 61-ാം വാർഷികം ആഘോഷിക്കുന്ന ഈ മഹനീയ സുദിനത്തിൽ ലക്ഷദ്വീപിലെ എല്ലാ പൗരന്മാർക്കും എൻെറ ഹൃദയംഗമമായ ആശംസകൾ. സ്ഥലവാസ ഭേദമന്യേ എല്ലാ ഭാരതീയർക്കും തീർച്ചയായും ഇതൊരു മഹത്തായ ദിനമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച എണ്ണമറ്റ സ്വാതന്ത്ര്യ സമര പോരാളികളെ ഈ അവസരത്തിൽ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. 1950-ൽ പവിത്രമായ ഇന്ത്യൻ ഭരണഘടനയ്ക്ക് അടിത്തറ പാകിയ വിവേകവും ദീർഘവീക്ഷണവുമുള്ള പിതാക്കൾക്ക് മുമ്പിൽ നാം ആത്മാർത്ഥമായ ആദരവ് അർപ്പിക്കുന്നു. രാജ്യത്തിൻെറ അതിർത്തികൾ സംരക്ഷിക്കുന്ന കര, നാവിക, വ്യോമസേനാംഗങ്ങളുടെ അർപ്പിതവും, ധീരോദാത്തവുമായ സേവനങ്ങൾ തീർച്ചയായും നാം അനുസ്മരിക്കേണ്ടതാണ്. അതോടൊപ്പം ആഭ്യന്തര സുരക്ഷ, ക്രമസമാധാനം എന്നിവ നിലനിർത്തുന്ന അർധ സൈനികരേയും, പോലീസ് സേനയേയും ആദരപൂർവ്വം അനുസ്മരിക്കുന്നു.

3. ദ്വീപുകളുടെ വികസനത്തിന് ശക്തമായ അടിത്തറ പാകി, നമ്മളോട് വിട പറഞ്ഞ നേതാക്കളെ ഈ അവസരത്തിൽ അനുസ്മരിക്കുകയും, ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുക എന്നത് എൻെറ ധാർമ്മിക കർത്തവ്യമായി ഞാൻ കരുതുന്നു.

4. ലക്ഷദ്വീപിലെ ഓരോ ഡിപ്പാർട്ടുമെൻറും കൈവരിച്ച നേട്ടങ്ങൾ പരാമർശിക്കുന്നതിന് മുമ്പ് ദ്വീപിലെ ജനങ്ങൾക്കുവേണ്ടി ചെയ്ത ചില ശ്രദ്ധേയമായ കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു.

(i) കവരത്തി ദ്വീപിലെ തീരദേശ സംരക്ഷണ സ്റ്റേഷൻെറ പദവി ഉയർത്തുക, മിനിക്കോയ് ദ്വീപിൽ പുതിയ ബേസ് സ്റ്റേഷൻ സ്ഥാപിക്കുക, പ്രസ്തുത ദ്വീപിൽ തീരദേശ സംരക്ഷണ വിമാനത്താവളം ധൃതഗതിയിൽ തയ്യാറാവുന്നതിനനുസൃതമായി വ്യോമഗതാഗതം തുടങ്ങുക എന്നീ പദ്ധതികളുടെ സാക്ഷാത്കാരത്തിനുവേണ്ടി ബഹുമാന്യനായ ഇന്ത്യൻ പ്രതിരോധമന്ത്രി അഗത്തി, കവരത്തി, മിനിക്കോയ് എന്നീ ദ്വീപുകളിൽ നടത്തിയ വിജയകരമായ സന്ദർശനം.

(ii) ഭാരതത്തിൻെറ ആദരണീയനായ ആഭ്യന്തര മന്ത്രി നവംബർ മാസത്തിൽ കവരത്തി, ആന്ത്രോത്ത് എന്നീ ദ്വീപുകളിൽ സന്ദർശനം നടത്തി ' ലക്ഷദ്വീപ് സീ ' എന്ന കപ്പലിൻെറ ഉദ്ഘാടനവും, 12 ടൺ ഇൻറർ സെപ്റ്റർ ബോട്ടിൻെറ ഉദ്ഘാടനവും നിർവ്വഹിച്ചു. അതിനേത്തുടർന്ന് ഡിസംബറിൽ മിനിക്കോയ് സന്ദർശിക്കുകയും തീരദേശ പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുകയും, ഇന്ധനം നിറയ്ക്കുവാനുള്ള സംവിധാനത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

(iii) താഴെക്കിടയിലുള്ളവരുടെ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട ആദരണീയരായ അഞ്ച് എം. പി.-മാരടങ്ങിയ പാർലമെൻററ് കമ്മിറ്റിയുടെ സന്ദർശനത്തിൽ അഡ്മിനിസ്ട്രേഷന് താഴെയുള്ള 4 ബാർജുകൾ കാലഭേദമന്യേ ഭക്ഷണ സാധനങ്ങളും, ഇന്ധനവും എല്ലാ ദ്വീപുകളിലേക്കും എത്തിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ മനസിലാക്കി.

(iv) നവംബറിൽ ആഭ്യന്തര മന്ത്രിയുടെ ഉപദേശക സമിതി സമ്മേളിച്ച് വിവിധ മന്ത്രാലയങ്ങളിൽ കെട്ടിക്കിടക്കുന്ന ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തു.

(v) ദ്വീപിലെ തദ്ദേശ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഓരോ ക്വാർട്ടറിലും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി അഡ്മിനിസ്ട്രേറ്ററുടെ ഉപദേശക കൗൺസിൽ മീറ്റിംഗ് നടത്തിവരുന്നു.

(vi) ദ്വീപുകളിൽ രൂപം നൽകിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ 215-ലധികം പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് ദ്വീപുകളുടെ ആന്തരഘടനയിൽ ഗണ്യമായ അഭിവൃദ്ധി ഉണ്ടാക്കും.

(vii) എല്ലാ കപ്പലുകളുടേയും ബാർജുകളുടേയും പ്രവർത്തനങ്ങൾ 2010-ലെ മുഴുവൻ വർഷവും വർഷകാലത്തുപോലും കാര്യക്ഷമമായി നടത്താൻ LDCL-ന് സാധിച്ചിട്ടുണ്ട്. തദവസരത്തിൽ കപ്പൽ സീറ്റിന്റെ കാര്യത്തിലോ, സാധനങ്ങൾ എത്തിക്കുന്ന കാര്യത്തിലോ യാതൊരുവിധ പ്രശ്നങ്ങളും ദ്വീപുകാർ അറിഞ്ഞിരുന്നില്ല. ക്രിസ്തുമസിനും, പുതുവത്സരത്തിനും ശേഷമുള്ള വിദ്യാർത്ഥികളുടെ തിരക്ക് LDCL കാര്യക്ഷമമായി കൈകാര്യം ചെയ്തു. വളരെ പരിമിതമായ ഭക്ഷണ സാധനങ്ങളുടേയും, ഇന്ധനത്തിൻേറയും കുറവ് മനസിലാക്കി നികത്തുകയും ആവശ്യമായ സംഭരണം ഇപ്പോൾ എല്ലാ ദ്വീപുകളിലും ലഭ്യമാക്കുകയുംചെയ്തു. സംഭരണ നിലവാരം ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്. 2011 ജനുവരി 27-ന് ചേരുന്ന ബോർഡ് മീറ്റിംഗിൽ സീമെൻമാരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതാണ്.

(viii) ഊർജ്ജിതവും കാര്യപ്രാപ്തിയുമുള്ള സുരക്ഷയ്ക്കായി തീരദേശ സംരക്ഷണ സേനയുടെ വ്യോമകാവൽ, ആന്ത്രോത്ത്, മിനിക്കോയ്, കവരത്തി എന്നിവിടങ്ങളിൽ നേവിയുടെ കപ്പൽ റോന്തു ചുറ്റൽ, എല്ലാ ദ്വീപുകളിലും റഡാർ കാവൽ എന്നീ സംവിധാനങ്ങൾ രാജ്യരക്ഷാ മന്ത്രാലയം ഉടനെ നടപ്പിലാക്കുന്നതാണ്.

(ix) 11 കോടി രൂപ ഉൾക്കൊള്ളിച്ചുകൊണ്ട് ഉപഭോക്തൃത ക്ഷേമനിധി അടുത്തുതന്നെ രൂപീകരിക്കുന്നതാണ്.

(x) 75000 രൂപ മാസവേതനം നൽകി 4 ദ്വീപുകാരായ സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചു.

(xi) 25 ആശാമാരെക്കൂടി നിയമിക്കാനുള്ള അനുവാദം ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭിച്ചു.

(xii) സോളാർ പവർ പ്ലാൻറുകളുടെ പുതുക്കലിനും, വർദ്ധിപ്പിക്കലിനും, സംരക്ഷണത്തിനുമായി 40 കോടി രൂപ അനുവദിച്ചു.

**(xiii)** ലക്ഷദ്വീപിന്റെ ലോലമായ പരിസ്ഥിതി ഉയർത്തിക്കാട്ടുന്ന ഹൃദയഹാരിയായ ഒരു മ്യൂസിയവും, ആർട്ട് പ്ലാനെറ്റേറിയവും കവരത്തിയിൽ പൂർത്തിയായി. ഇന്നതിന്റെ ഉദ്ഘാടനമാണ്.

**(xiv)** രണ്ട് 400 പാസഞ്ചർ കപ്പലുകൾക്കുള്ള റീ ടെണ്ടറിന് ഉടനെ തീരുമാനമാകും.

**(xv)** 2010 സെപ്തംബറിൽ ആഴ്ചയിൽ 3 ആയിരുന്ന വിമാന സർവ്വീസ് ഇപ്പോൾ 13 ആയി ഉയർത്തി.

**(xvi)** കൊച്ചി പോർട്ട് ട്രസ്റ്റിന്റെ പക്കൽ നിന്നും വാടകയ്ക്കെടുത്ത സ്ഥലത്ത് പുതിയ പാസഞ്ചർ ഹാളിനുള്ള അനുമതി ലഭ്യമായി.

**(xvii)** ഇന്നലെ കിട്ടിയ വാർത്ത അനുസരിച്ച് സ്വാൻ (SWAN) പദ്ധതിക്കുവേണ്ടി രണ്ട് MBPS ബാൻറ് വിഡ്ത്തുകൾ അമിനി, കടമത്ത്, മിനിക്കോയ്, ആന്ത്രോത്ത്, അഗത്തി എന്നീ ദ്വീപുകളിൽ 2011 ഫെബ്രുവരി 15-നും, കൽപേനി, ചെത്‌ലാത്ത് എന്നീ ദ്വീപുകളിൽ 2011 മാർച്ചിലും നൽകുന്നതാണ്.

**പ്രത്യേക പരിഗണന അർഹിക്കുന്ന പ്രശ്നങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളവ :**

**(i)** എല്ലാ ദ്വീപുകളിലേയും ഉദ്യോഗസ്ഥർക്ക് ഏകീകൃത ഹാർഡ് ഏരിയ അലവൻസ് ലഭ്യമാക്കൽ.

**(ii)** ഏപ്രിൽ 2012-ൽ പണി പൂർത്തിയാക്കേണ്ട രാജ്യരക്ഷാ മന്ത്രാലയത്തിന്റെ നിർദ്ദേശമുള്ള മിനിക്കോയിലെ കോസ്റ്റ് ഗാർഡ് വിമാനത്താവളം.

**(iii)** ആന്ത്രോത്ത് ദ്വീപിൽ ഗ്രീൻ ഫീൽഡ് എയർപോർട്ടിനുള്ള സ്ഥലത്തിന്റെ വിശദമായ പരിശോധന എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ പൂർത്തിയാക്കി.

**(iv)** ദ്വീപുകളിൽ സീപ്ലെയിൻ ഓപ്പറേഷനുള്ള സാധ്യത കണക്കിലെടുത്ത് പവൻ ഹാൻസോ, സ്വകാര്യ മേഖലയോ ഈ പദ്ധതി നടപ്പിലാക്കും.

**(v)** അഗത്തിയിലെ ഈസ്റ്റേൺ ജെട്ടിയുടെ അറ്റകുറ്റപ്പണികൾ ഈ വർഷം പൂർത്തീകരിക്കും.

**(vi)** ഒരു ഓയിൽ ബാർജിനും, ഒരു എൽ. പി. ജി. ക്യാരിയറിനും ഉള്ള കരാർ ഒപ്പു വെയ്ക്കൽ.

**(vii)** ദ്വീപുകളെ വൻകരയുമായി ആറു മണിക്കൂർ കൊണ്ട് ബന്ധിപ്പിക്കാൻ ശേഷിയുള്ള മണിക്കൂറിൽ 40 നോട്ടിക്കൽ മൈൽ സഞ്ചരിക്കുന്ന 400 പാസഞ്ചർ കപ്പാസിറ്റിയുള്ള കപ്പലിന്റെ ധാരണ പത്രത്തിന്റെ തീരുമാനം.

**(viii)** കേരള സർക്കാരുമായി ധാരണാപത്രം ഒപ്പു വെച്ചുകൊണ്ട് ബേപ്പൂരിൽ നിർമ്മാണം ആരംഭിച്ച '' ഡെഡിക്കേറ്റഡ് ബർത്തും '' ഇതേ സൗകര്യം മംഗലാപുരത്ത് ലഭ്യമാക്കുന്നതിന് കർണ്ണാടക സർക്കാരുമായുള്ള ചർച്ചയുടെ പുരോഗതിയും.

**(ix)** ലക്ഷദ്വീപ് ഹാർബർ വർക്സ് ഡിപ്പാർട്ട്മെൻറിനെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് താഴെ കൊണ്ടുവരൽ.

**(x)** മിനിക്കോയ്, കവരത്തി എന്നിവിടങ്ങളിൽ പുതിയ ടൂറിസ്റ്റ് കോട്ടേജുകളുടെ പൂർത്തീകരണം.

**(xi)** PWD- യിൽ 90 ലക്ഷവും അതിനു മുകളിലും മറ്റ് വകുപ്പുകളിൽ 70 ലക്ഷവും അതിനു മുകളിലും ഉള്ള എല്ലാ പദ്ധതികളും '' ഇ-ടെണ്ടർ''ചെയ്യുന്നതിനുള്ള തുടക്കം.

**(xii)** 2011 ജൂലൈ-ഓടെ ദിവസവും 10,000 ക്യാൻ ഉൽപാദനം എന്ന ലക്ഷ്യ ത്തോടെ മിനിക്കോയ് ദ്വീപിലെ '' ട്യൂണാ ഫാക്ടറി'' യുടെ വികസനം പൂർത്തിയാ ക്കൽ.

**(xiii)** ലക്ഷദ്വീപിൽ 3-ാമത്തെ ഹെലികോപ്റ്റർ സർവ്വീസ് തുടങ്ങുന്നതിനുള്ള ഹാംഗറിൻെറ നിർമ്മാണം.

**(xiv)** കേരളാ ഹൈക്കോടതി വിധി അനുകൂലമായാൽ കവരത്തിയിൽ '' ഓയിൽ ഡിപ്പോ'' ആരംഭിക്കുന്നതാണ്.

**(xv)** ലക്ഷദ്വീപിലെ വിദ്യാർത്ഥികൾക്കുവേണ്ടി '' ദില്ലി ജാമിയ ഹംദർദ് യൂണി വേഴ്സിറ്റി '' യിൽ സിവിൽ സർവ്വീസ് കോച്ചിംഗിനുവേണ്ടി ആറ് സീറ്റുകളിലേയ് ക്കുള്ള പ്രവേശനം ഈ മാസം തുടങ്ങും.

**(xvi)** ഒഴിഞ്ഞു കിടക്കുന്ന ഏതാണ്ട് 200 തസ്തികകൾ 2011 മെയ് മാസത്തോടെ നികത്തൽ.

**(xvii)** ഫോറസ്റ്റ് വകുപ്പിൻെറ ശാക്തീകരണത്തിനുവേണ്ടി 67 തസ്തികകൾ ഉണ്ടാക്കൽ.

**(xviii)** ലാൻറ് ലൈൻ, മൊബൈൽ, ബ്രോഡ് ബാൻറ്, SWAN എന്നിവയുടെ തടസ്സമി ല്ലാത്ത ബന്ധിപ്പിക്കൽ സാധ്യമാക്കുന്നതിനുവേണ്ടി 10 ദ്വീപുകളിലും ആവശ്യാനു സരണം ബാൻറ് വിഡ്ത്ത് നൽകൽ.

**(xix)** 2011 മാർച്ച്-ഏപ്രിൽ-ഓടെ അഗത്തി, മിനിക്കോയ് എന്നിവിടങ്ങളിലെ '' ഡീസാലിലേഷൻ പ്ലാൻറു''കളുടെ പൂർത്തീകരണം.

**(xx)** കവരത്തിയിൽ '' ബ്ലഡ് ബാങ്ക് '' സ്ഥാപിക്കൽ.

**(xxi)** എല്ലാ ദ്വീപുകളിലുമായി 672-ൽ കൂടുതൽ ഇലക്ട്രോണിക് മൊബൈ ക്കുകൾ പ്രവർത്തിക്കുന്നു. ഈ സംരംഭം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്നതാണ്.

**(xxii)** ധാരാളം ലാൻറ് കോമ്പൻസേഷൻ കേസുകൾക്ക് പരിഹാരം ഉണ്ടാക്കാനും ഭൂ ഉടമസ്ഥർക്കുള്ള നഷ്ട പരിഹാരത്തുക നൽകാനും സാധിച്ചു.

**(xxiii)** ബംഗാരം ഐലൻറ് റിസോർട്ടിന്മേലുള്ള കേരളാ ഹൈക്കോടതിയുടെ കേസു കളിൽ ഫലപ്രദമായി ഇടപെടാനും അതിന്മേലുള്ള നാല് റിട്ട് ഹർജികൾ ഡിസ് മിസ് ചെയ്യിക്കാനും സാധിച്ചു. അന്യായക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയുടെ വാദം ഫെബ്രുവരി 2-ന് കേൾക്കും. അവർക്ക് സ്റ്റേ അനുവദിച്ചു കിട്ടിയിട്ടില്ല.

**പ്ലാനിങ് :**

2010-2011 വർഷത്തെ ലക്ഷദ്വീപിലെ വാർഷിക വിഹിതം 322.08 കോടിയാ യിരുന്നു. അതിൽ 2011 ജനുവരി അവസാനമാകുമ്പോഴേക്ക് 75 ശതമാനം ചെലവാ

ക്കിയത് റെക്കോർഡായി മാറി. 2011-2012 വർഷത്തേക്ക് ഉദ്ദേശിക്കുന്ന വിഹിതം 397.28 കോടിയാണ്. ഇതിൽ ഓരോ സെക്ടറുകൾക്കും അവരുടെ പ്രധാനപ്പെട്ട ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് മതിയായ വിഹിതം ലഭിക്കുന്ന തരത്തിലുള്ള വിതരണം ഉറപ്പ് വരുത്തും.

പ്ലാൻ സ്കീമുകളും സെൻട്രലി സ്പോൺസേർഡ് സ്കീമുകളും വേഗത്തിലും, കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് ഓരോ മാസവും അനുയോജ്യമായ രീതിയിൽ പ്ലാൻ റിവ്യൂ മീറ്റിംഗ് നടത്തിവരുന്നു.

ഒരു പുതിയ തുടക്കമെന്ന നിലയ്ക്ക് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് താഴെയുള്ള എല്ലാ വകുപ്പുകളുടേയും കേന്ദ്ര സർക്കാർ ഓർഗനൈസേഷൻേറയും ജനറൽ കോ-ഓർഡിനേഷൻ മീറ്റിംഗ് മാസംതോറും സംഘടിപ്പിക്കുകയും അതുവഴി വിവിധ അതോറിറ്റികളുടെ കോ-ഓർഡിനേഷൻ ആവശ്യമുള്ള പ്രശ്നങ്ങളെ തരംതിരിക്കുകയും ചെയ്യുന്നു.

**സ്റ്റാറ്റിസ്റ്റിക്സ് :**

ഞങ്ങളുടെ രണ്ട് സ്റ്റാറ്റിസ്റ്റിക്കൽ പബ്ലിക്കേഷൻസ് റെക്കോർഡ് ടൈമിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചു.

(i) 3-ാം ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായ 2010 ജൂൺ 29-ന് ഇറക്കിയ ''കീ ഇൻഡിക്കേറ്റേഴ്സ് -2010 ''.

(ii) 1-ാം അന്താരാഷ്ട്ര സ്റ്റാറ്റിസ്റ്റിക്സ് ദിനമായ 2010 ഒക്ടോബർ 20-ന് പുറത്തിറക്കിയ '' ബേസിക് സ്റ്റാറ്റിസ്റ്റിക്സ്-2009''.

**പോർട്ട്, ഷിപ്പിംഗ് ആൻറ് ഏവിയേഷൻ**

**ഷിപ്പിംഗ് സർവ്വീസ് :**

ശ്രീലങ്കയിലെ കൊളംബൊ ഡോക്യാർഡ് പി. എൽ. സി.-യിൽ നിർമ്മിച്ച 250 യാത്രക്കാരെ വഹിക്കാനുള്ള ശേഷിയും 100 മെട്രിക് ടൺ കാർഗോയും വഹിക്കാൻ കഴിവുള്ള രണ്ടാമത്തെ കപ്പൽ 2010 ഒക്ടോബർ 15-ന് കൈമാറി.

400 യാത്രക്കാരെ വഹിക്കാൻ ശേഷിയുള്ളതും 360 കോടി വിലമതിക്കുന്നതുമായ 2 പുതിയ കപ്പലുകൾ വാങ്ങുന്നതിനുള്ള അനുമതി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിച്ചതായി ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചിരിക്കുന്നു. ഇതിനുള്ള കോൺട്രാക്ട് 2011 മാർച്ചോടെ നൽകുന്നതാണ്.

2000 എൽ. പി. ജി. സിലിണ്ടർ വഹിക്കാൻ ശേഷിയുള്ള ക്യാരിയർ ഷിപ്പും, ഒരു 150 മെട്രിക് ടൺ ഓയിൽ ബാർജും നിർമ്മിക്കുന്നതിനുള്ള കരാറിൽ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ വൈകാതെ ഒപ്പു വെയ്ക്കുന്നതാണ്.

വിവിധ ഉദ്ദേശ്യങ്ങൾക്കായി രണ്ട് 800 മെട്രിക് ടൺ ശേഷിയുള്ള കാർഗോ വെസലുകളും, 30 മെട്രിക് ടൺ ശേഷിയുള്ള 5 ചെറിയ ഇന്ധന വെസലുകളും കൂടി വാങ്ങാനുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇത് ഹൈസ്പീഡ് വെസലുകളുടെ ഇന്ധനാവശ്യങ്ങൾ നിറവേറ്റുന്നതിനും ചരക്കുകൾ യഥാസമയം എത്തിക്കുന്നതിനും ഉപകരിക്കുന്നതാണ്. ഇതിനായി ഷിപ്പിംഗ് കോർപ്പറേഷൻെറ ടെണ്ടറുകൾ ഉടനെ വിളിക്കുന്നതാണ്.

ഡിപ്പാർട്ട്മെൻറ് ''ഷിപ്പ് ടിക്കറ്റിംഗ് സർവ്വീസിന് '' വേണ്ടി തുടങ്ങിയ ''എസ്. എം. എസ്. ഇൻഫർമഷൻ സിസ്റ്റം'' യാത്രക്കാർക്ക് ടിക്കറ്റിനെക്കുറിച്ചും, ഷിപ്പ് ഷെഡ്യൂളിനെക്കുറിച്ചും അറിയുന്നതിനും യഥാസമയം ടിക്കറ്റ് ക്യാൻസൽ ചെയ്യുന്നതിനും എസ്. എം. എസ്. ലൂടെ സാധ്യമാകുന്നു.

കൊച്ചിയിൽ 5.8.2010-ന് തുടങ്ങിയ ഡെഡിക്കേറ്റഡ് ബർത്തിൻെറ നിർമ്മാണം ഡിസംബർ 2011-ഓടെ പൂർത്തിയാക്കാൻ കഴിയുമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൻെറ പ്രോഗ്രസ് റിപ്പോർട്ടിൽ അറിയിക്കുന്നു.

ബേപ്പൂരിൽ പണിയുന്ന 200 മീറ്റർ വാർഫിനുള്ള ധാരണാപത്രത്തിൽ കേരളാ ഗവൺമെൻറുമായി, ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ 2010 നവംബർ 22-ന് ഒപ്പുവെച്ചു. പണി പൂർത്തിയായാൽ ഇത് ലക്ഷദ്വീപ് കപ്പലുകൾക്കായുള്ള ഒരു ഡെഡിക്കേറ്റഡ് ബർത്തായി മാറും.

പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് എല്ലാ ദ്വീപുകളിലും LED സ്ക്രീനുകൾ സ്ഥാപിക്കുന്നതാണ്. ഇതേ ആവശ്യത്തിനായി കൊച്ചിയിൽ IVRS സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

**എയർ സർവീസ്:**

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഒരു സംഘം ആന്ത്രോത്ത് ദ്വീപ് സന്ദർശിക്കുകയും അവിടെ തുടങ്ങാനിരിക്കുന്ന ഗ്രീൻ ഫീൽഡ് എയർപോർട്ടിനുവേണ്ടിയുള്ള സ്ഥലത്തിൻെറ ഫീസിബിലിറ്റി സ്റ്റഡി നടത്തുകയും ചെയ്തു. വൈകാതെ ഈ സംരംഭം യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കാം.

മിനിക്കോയ് ദ്വീപിൽ സ്ഥാപിതമായ പുതിയ റീഫ്യൂവലിംഗ് സ്റ്റേഷൻ, ഇവിടെ നിന്നും രോഗികളെ നേരിട്ട് ഹെലികോപ്റ്ററിൽ കൊച്ചിയിലെത്തിക്കാൻ സഹായകമാകും.

**പബ്ലിക് വർക്സ്**

**1. ഹൗസിംഗ് :**

വിവിധ ദ്വീപുകളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വ്യത്യസ്ത തരത്തിലുള്ള റെസിഡെൻഷ്യൽ ക്വാർട്ടേഴ്സുകളുടെ പണി പുരോഗമിച്ചുവരുന്നു. കൊച്ചിയിലെ താൽക്കാലിക പാർപ്പിടത്തിൻെറ 2-ാംഘട്ട നിർമ്മാണപ്രവർത്തനം 2011 സെപ്തംബറോടെ പൂർത്തീകരിക്കും. കോഴിക്കോട്ട് നിർമ്മിക്കുന്ന ഗസ്റ്റ് ഹൗസ്, സ്റ്റുഡൻസ് ഡോർമിറ്ററി, ഓഫീസ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള ഇ-ടെണ്ടറുകൾ ഉടനെ വിളിക്കുന്നതാണ്. മംഗലാപുരത്തും ഇത്തരം ഒരു ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

താമസ സൗകര്യത്തിനുള്ള സ്ഥല ദൗർലഭ്യം നികത്തുന്നതിനുവേണ്ടി 1629 റെസിഡെൻഷ്യൽ ക്വാർട്ടേഴ്സുകൾ മൂന്ന് നിലകളിലായി പണി പൂർത്തിയാക്കുന്നതാണ്.

**2. വാട്ടർ സപ്ലൈ, സാനിറ്റേഷൻ :**

ആന്ത്രോത്ത്, അമിനി, കിൽത്താൻ, ചെത്‌ലാത്ത്, കടമത്ത്, കൽപേനി എന്നീ ദ്വീപുകളിലെ ഡീസാലിനേഷൻ പ്ലാൻറിൻെറ പ്രവർത്തനം ജൂലൈ 2013-ഓടെ

തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈയടുത്തായി ജലവിഭവ മന്ത്രാലയത്തിൻെറ ഒരു ഉന്നതതല സംഘം ലക്ഷദ്വീപിലെ മണ്ണൊലിപ്പ് പ്രശ്നങ്ങൾ പരിശോധിക്കുകയും, അതിൽ ഉരുത്തിരിഞ്ഞ ചെറുതും വലുതുമായ കാലയളവിലുള്ള പരിഹാര മാർഗ്ഗങ്ങളിലൂടെ കേന്ദ്രജല കമ്മീഷനുമായി ചേർന്ന് ശാശ്വതമായ പരിഹാര മാർഗ്ഗം ഉറപ്പു വരുത്തും.

**3. റോഡുകൾ :**

ദ്വീപുകളിൽ ഇതുവരെയായി 180 കി. മീ. റോഡുകൾ നിർമ്മിച്ചു കഴിഞ്ഞു. ഈ വർഷം ഏകദേശം 20 റോഡുകളുടെ നിർമ്മാണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

**ടൂറിസം ഡവലപ്പ്മെൻറ് :**

ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ദ്വീപുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള ആവശ്യം കണക്കിലെടുത്ത് അമിനി, കിൽത്താൻ, ചെത്‌ലാത്ത്, ബിത്ര എന്നിവിടങ്ങളിൽ ഹട്ടുകൾ പണിയുന്നതിനുള്ള സ്ഥലത്തിന് തീരുമാനമായി. ഏതാണ്ട് 100 കോട്ടേജുകൾ ഈ ദ്വീപുകളിൽ നിർമ്മിക്കുന്നതാണ്. സ്ഥലം ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് ഇത് പൂർത്തീകരിക്കും.

കടമത്ത് 10, കൽപേനി 10, ആന്ത്രോത്ത് 10, മിനിക്കോയ് 15, കവരത്തി 15 എന്നിവിടങ്ങളിലായി പണി കഴിപ്പിക്കുന്ന 60 കോട്ടേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു.

കേരളാ മോഡലിലുള്ള ഒരു ബെഡ് റൂം-ഹൗസ് ബോട്ടുകൾ ടൂറിസ്റ്റുകൾക്കായി എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണ്.

പൊതു സൗകാര്യ പങ്കാളിത്തത്തോടെ ഒരു കൺവെൻഷൻ സെൻററും, ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതാണ്.

**പവർ :**

3x2000 KVA, 3x1500 KVA സ്റ്റെപ് അപ് ട്രാൻസ്ഫോർമർ മോഡേൺ VCBs, പഴയ AB ടൈപ്പ് സ്വിച്ചിന് പകരമായി കൺട്രോൾ കൺസോളും കവരത്തി, മിനിക്കോയ്, ആന്ത്രോത്ത് എന്നീ ദ്വീപുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

ഈ നടപ്പു വർഷത്തിൽ ഇലക്ട്രിസിറ്റി ജീവനക്കാർക്കും, എഞ്ചിനീയർമാർക്കും സുരക്ഷാ സാമഗ്രികളും, ഉപകരണങ്ങളും ഡിപ്പാർട്ടുമെൻറ് നൽകുന്നതാണ്.

**പുതിയതും, പുനർ നിർമ്മിക്കാവുന്നതുമായ ഊർജ്ജ വിഭാഗം :**

ഊർജ്ജ സംരക്ഷണോപാധികളായ സോളാർ ലാൻേറൺ, ഇംപ്രൂവ്ഡ് കുക്കിംഗ് സ്റ്റൗ, സോളാർ വാട്ടർ ഹീറ്റർ, സ്ട്രീറ്റ് ലൈറ്റുകൾ, സോളാർ ടോർച്ചുകൾ,സോളാർ ഫാനുകൾ എന്നിവയുടെ പ്രചരണം നിർവ്വഹണ ഘട്ടത്തിലാണ്.

12,000 ഇംപ്രൂവ്ഡ് കുക്കിംഗ് സ്റ്റൗ വാങ്ങുകയും അതിൻെറ വിതരണം വി. ഡി. പി. മുഖേന സൗജന്യമായി നൽകി വരികയും ചെയ്യുന്നു.

പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലത്ത് സ്ഥാപിക്കുന്നതിനുമായി 1100 സോളാർ വിളക്കുകളും 610 സോളാർ സ്ട്രീറ്റ് ലൈറ്റുകളും വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞു.

**ഫിഷറീസ് :**

ഭാരത സർക്കാർ ലക്ഷദ്വീപുകാർക്കുവേണ്ടി ഇന്ത്യയിലെ ആദ്യത്തെ മദർ വെസലിനുള്ള അംഗീകാരം നൽകി. 100 MT കപ്പാസിറ്റിയും 45 മീറ്റർ നീളവുമുള്ള ഈ വെസലിന് ഏകദേശം 30 കോടി രൂപയുടെ ചെലവ് വരും. ചെറിയ ഫിഷിംഗ് ബോട്ടുകളെ അനുഗമിച്ച് ഈ മദർ വെസൽ മത്സ്യബന്ധനത്തിന് ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകാവുന്നതാണ്. ചെറിയ ബോട്ടുകളിൽ സ്വരൂപിച്ച മത്സ്യങ്ങൾ മദർ വെസലിൽ സംഭരിക്കുകയും, സൂക്ഷിക്കുകയും ചെയ്യാനുള്ള സംവിധാനമുണ്ട്. കൂടാതെ ബോട്ടുകൾക്കാവശ്യമായ ഇന്ധനം, ജലം, മറ്റാവശ്യ വസ്തുക്കൾ തുടങ്ങിയവയും നൽകും.

ശേഖരിച്ച മത്സ്യങ്ങൾ കരയ്ക്കിറക്കേണ്ട യാത്രയ്ക്കുള്ള ഇന്ധനച്ചെലവ് കുറയ്ക്കുവാനും ഇതുമൂലം സാധിക്കും. മന്ത്രാലയത്തിൽ നിന്നു അന്തിമ അംഗീകാരം ലഭിച്ചുകഴിഞ്ഞു. ഇതിനുള്ള ആഗോള ടെണ്ടർ നോട്ടീസ് ഉടനെ പുറത്തിറങ്ങുന്നതാണ്.

2011-2012 വർഷ കാലയളവിൽ വിപുലമായ തോതിൽ മത്സ്യബന്ധനം നടത്താൻ പ്രാപ്തിയുള്ള രണ്ട് ലോംഗ്ലൈൻ ഫിഷിംഗ് ബോട്ടുകൾ ഇറക്കുന്നതിന് തീരുമാനമായി. ഈ വെസലുകളിൽ ആധുനിക മത്സ്യബന്ധന സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**മത്സ്യബന്ധന ബോട്ടുകൾ മെച്ചപ്പെടുത്തലും, യന്ത്രവൽക്കരിക്കലും :**

മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾ നിർമ്മിക്കുന്നതിനും, പുതുക്കിപ്പണിയുന്നതിനും, 40 ശതമാനം സാമ്പത്തിക സഹായവും, യന്ത്രവൽക്കരിക്കുന്നതിന് എഞ്ചിന് 50 ശതമാനം സബ്സിഡിയും നൽകുന്നതാണ്. ഈ പദ്ധതിയിലൂടെ 43 മത്സ്യബന്ധന തൊഴിലാളികൾക്ക് ഈ വർഷം പ്രയോജനം ലഭിച്ചു.

25 ശതമാനം സബ്സിഡിയോടുകൂടി ഈ വർഷം ഹയർപർച്ചേഴ്സ് പദ്ധതിയുടെ കീഴിൽ 40 പുതിയ ജനറേഷൻ എഞ്ചിനുകൾ മത്സ്യബന്ധന തൊഴിലാളികൾക്ക് നൽകി. ഹയർപർച്ചേഴ്സ് പദ്ധതി മുഖേന ബോട്ടുകൾ നൽകുമ്പോൾ 12 ശതമാനം ഡിപ്പാർട്ടുമെൻറൽ ചാർജ് ചുമത്തും. അതോടൊപ്പം HSD, സ്പെയർ പാർട്സ് എന്നിവ വാങ്ങുന്ന പദ്ധതിയും പിൻവലിച്ചു.

ലക്ഷദ്വീപിലെ എല്ലാ മത്സ്യബന്ധന ബോട്ടുകൾക്കും സൗജന്യമായി DAT വിതരണം ചെയ്യാൻ അഡ്മിനിസ്ട്രേഷൻ തീരുമാനിച്ചു. കൽപേനി, കടമത്ത്, ബിത്ര എന്നീ ദ്വീപുകളിൽ നിർമ്മിക്കുന്ന ഐസ് പ്ലാൻറുകളുടെ പൂർത്തീകരണത്തോടെ 5 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണ വിഭാഗവും അവിടങ്ങളിൽ സ്ഥാപിക്കുന്നതാണ്. മത്സ്യബന്ധന തൊഴിലാളികൾക്ക് ഡീപ് ഫ്രീസറുകൾ വാങ്ങുന്നതിന് 50 ശതമാനം സാമ്പത്തിക സഹായം നൽകിവരുന്നു.

സമുദ്ര ട്യൂണകളെ, ചൂഷണം ചെയ്യുന്നതിനുവേണ്ടി അഗത്തി, ആന്ത്രോത്ത് എന്നീ ദ്വീപുകളിൽ 9 യന്ത്രവൽകൃത പോൾ ആൻറ് ലൈൻ മത്സ്യബന്ധന

ബോട്ടുകൾ മെച്ചപ്പെടുത്തുകയും, വേണ്ട സൗകര്യങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തു. പൂർണമായും ഡിപ്പാർട്ട്മെൻറ് സ്പോൺസർ ചെയ്യുന്ന രണ്ട് ഇൻഷ്വറൻസ് പദ്ധതികൾ മത്സ്യ തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കിവരുന്നു.

1. പൂർണമായും വൈകല്ല്യം സംഭവിക്കുകയോ, മരണപ്പെടുകയോ ചെയ്യുന്ന മത്സ്യബന്ധന തൊഴിലാളികൾക്കുള്ള 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയാണ് പേഴ്സണൽ ആക്സിഡൻറ് ഇൻഷ്വറൻസ് (PAI). ഇതനുസരിച്ച് 1455-ഓളം മത്സ്യബന്ധന തൊഴിലാളികൾ ഇൻഷ്വർ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവർ ഇനിയും മുന്നോട്ടു വരേണ്ടതാണ്.

2. മരണപ്പെടുകയോ പൂർണമായും, സ്ഥിര വൈകല്ല്യം സംഭവിക്കുകയോ ചെയ്ത മത്സ്യതൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് (GAI) പദ്ധതിയുടെ കീഴിൽ ഒരു ലക്ഷം രൂപയും ഭാഗികമായി വൈകല്ല്യം സംഭവിച്ചവർക്ക് 50,000 രൂപയും ഇൻഷ്വറൻസ് തുകയായി ലഭിക്കുന്നതാണ്. ഇതൊരു കേന്ദ്ര സഹായ പദ്ധതിയാണ്.

ജനസംഖ്യയും ബയോ മെട്രിക് വിവരങ്ങളും ശേഖരിക്കുന്നത് പൂർത്തിയായി. മത്സ്യബന്ധന ബോട്ടുകൾക്കുള്ള പുതിയ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും, മത്സ്യത്തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡുകളും ഒരു മാസത്തിനകം നൽകുന്നതാണ്.

മുത്ത് വളർത്തലിന് (പേൾ കൾച്ചർ) സാധ്യതകളുള്ള പ്രദേശമാണ് ലക്ഷദ്വീപിലെ ലഗൂണുകൾ. ഇതിൻെറ തുടക്കമെന്നോണം CMFRI -യുടെ വിദഗ്ദ്ധ സഹായത്തോടുകൂടി കൽപേനി ദ്വീപിലെ ലഗൂണിൽ ഡിപ്പാർട്ട്മെൻറ് കഴിഞ്ഞ വർഷം മുതൽ മുത്ത് വളർത്തൽ സംരംഭം ആരംഭിച്ചു. ഇതിൻെറ ഭാഗമായി യുവാക്കൾക്ക് പരിശീലനം നൽകുകയും മുത്ത് ഉൽപാദനത്തിൽ 40 ശതമാനം വിജയം കൈവരിക്കുകയും ചെയ്തു.

**മൃഗ സംരക്ഷണ വകുപ്പ് :**

ഫീഡ് ഫാക്ടറിയും രോഗനിർണയ കേന്ദ്രവും കവരത്തിയിൽ നിർമാണ ഘട്ടത്തിലാണ്.

കോഴി, ആടുമാടുകൾക്കുള്ള പ്രതിരോധ മരുന്നിൻെറ പ്രചരണം ഡിപ്പാർട്ട്മെൻറ് നിരന്തരമായി നടത്തിവരുന്നു. പക്ഷിപ്പനി, BSC, FMD എന്നീ മാരകമായ രോഗങ്ങൾക്കെതിരെയുള്ള സുരക്ഷാ സംവിധാനവും സാമ്പിൾ ശേഖരണവും വിജയകരമായി നടത്തി. ഉൽപാദന നഷ്ടം ഇല്ലാതാക്കുന്നതിനാവശ്യമായ ജീവ സംരക്ഷണ മരുന്നുകൾ രോഗബാധയുള്ള മൃഗങ്ങൾക്കും പക്ഷികൾക്കും വേണ്ടി കൊല്ലംതോറും വിതരണം ചെയ്തുവരുന്നു.

**കൃഷി വകുപ്പ് :**

'' ജൈവികത നൽകി ജൈവികത നിലനിർത്തൂ ''. തെങ്ങിനേക്കുറിച്ചുള്ള ഈ സന്ദേശമാണ് കൃഷി വകുപ്പ് ജനങ്ങളിലേക്കെത്തിക്കുന്നത്. ഇതുവഴി കാർഷികോൽപന്നങ്ങളുടെ ഓർഗാനിക്ക് സർട്ടിഫിക്കേഷൻ ആണ് ലക്ഷ്യമിടുന്നത്.

കൊപ്ര, വെളിച്ചെണ്ണ, ബന്ധപ്പെട്ട മറ്റ് ഉൽപ്പന്നങ്ങളുടെ നാനാവിധമായ വിൽപനയിൽ വലിയ വർദ്ധനവ് ഉണ്ടാക്കാൻ ഇതിലൂടെ സാധിക്കും. ലക്ഷദ്വീപിലെ 100

ശതമാനം ജൈവിക ഉൽപന്നങ്ങൾക്ക് ലോകവിപണിയിൽ ഇതിലൂടെ മാറ്റു രക്കുന്നതിനും സാധിക്കുന്നു.

ഈ വർഷവും എല്ലാ ദ്വീപുകളിലും മൺസൂൺ ആരംഭിക്കുന്നതോടെ എല്ലാ വീടുകൾക്കും സൗജന്യമായി ഒരു ലക്ഷം ഫലച്ചെടികളും കടൽത്തീരങ്ങളിൽ ശബൂക്കും വെച്ചുപിടിപ്പിക്കുന്നതാണ്. ആൾ ഇന്ത്യാ അഷ്വറൻസ് കമ്പനിയിലൂടെ 850തെങ്ങു കയറ്റക്കാരെ ആക്സിഡൻറൽ ഇൻഷുറൻസ് പോളിസിയിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് പാട്ട അടിസ്ഥാനത്തിൽ 15 മാതൃക ജൈവിക ഫാമുകൾ ഉപയോഗിച്ചുകൊണ്ട് ജൈവിക കൃഷി രീതികൾ കവരത്തി, ആന്ത്രോത്ത്, അമിനി, കൽപേനി, മിനിക്കോയ്, കിൽത്താൻ എന്നിവിടങ്ങളിലെ കർഷകർക്ക് കാണിച്ചുകൊടുക്കുന്നു.

**കോ-ഓപ്പറേഷൻ :**

ലക്ഷദ്വീപിൽ സഹകരണസംഘ പ്രസ്ഥാനത്തിൻെറ 50 വർഷം നമുക്ക് ആഘോഷിക്കാം. LCMF 3500 മെട്രിക് ടൺ കൊപ്ര വിൽപനയിലൂടെ 15 കോടിയി ലധികം റെക്കോർഡ് സമ്പാദ്യം ഉണ്ടാക്കി.

ഈ നടപ്പു വർഷം ഡിസംബർ-2010 വരെ ചെറിയ കാലയളവിലെ ലോൺ പദ്ധതിയിൽ 1.82 കോടി രൂപ കൊടുക്കാനും അതിൽ 1.53 കോടി രൂപ തിരിച്ചു പിടി ക്കാനും സാധിച്ചു. കവരത്തി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കോ-ഓപ്പറേറ്റീവ് എക്സലൻസ് അവാർഡ്-2010-ന് നാഷനൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ (NCDC) തെരഞ്ഞെടുത്തത്. ഇത് ലക്ഷദ്വീപ് സഹകരണസംഘത്തിന് അഭിമാനത്തിന് വക നൽകുന്നു. 50,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പ്രസ്തുത അവാർഡ് അടുത്തുതന്നെ വിപുലമായ ഒരു പ്രത്യേക ചടങ്ങിൽവെച്ച് നൽകുന്നതാണ്.

കേരളാ ഹൈക്കോടതിയുടെ സ്റ്റേ കാരണം കൽപേനി കോ-ഓപ്പറേറ്റീവ് സൊസൈറ്റി തെരഞ്ഞെടുപ്പും LCMF-ൻെറ ബോർഡ് തെരഞ്ഞെടുപ്പും ഒഴിച്ച് ബാക്കി എല്ലാ ദ്വീപുകളിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി തെരഞ്ഞെടുപ്പു സമാ ധാനപരമായി നടന്നു. വർദ്ധിച്ചുവരുന്ന ഉള്ളിയുടെ വില മറി കടക്കുന്നതിനായി ബേപ്പൂ രിലെമൊത്ത വ്യാപാരികളിൽ നിന്ന് 10 ടൺ ഉള്ളി വാങ്ങിക്കൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന കിലോയ്ക്ക് 40 രൂപ എന്ന നിരക്കിൽ എല്ലാ ദ്വീപുകളിലും ലഭ്യമാ ക്കുന്നതാണ്.

**ആരോഗ്യ വകുപ്പ് :**

കുട്ടികളിലും, ഗർഭിണികളിലും 100 ശതമാനം പ്രതിരോധവൽക്കരണം എന്ന നേട്ടം കൈവരിക്കാൻ സാധിച്ചു.

ലക്ഷദ്വീപ് ആരോഗ്യ വകുപ്പും അങ്കമാലി-ലിറ്റിൽ ഫ്ളവർ ആശുപത്രിയും സംയുക്തമായി എല്ലാ വർഷവും സൗജന്യ തിമിര ശസ്ത്രക്രിയാ ക്യാമ്പ് നടത്തി വരുന്നു.

മന്ത്രോഗ നിവാരണം ലക്ഷ്യമിട്ടുകൊണ്ട് എല്ലാ ദ്വീപുകളിലും ഡൈ ഈ ഥൈൽ കാർബമസൈൻ സിട്രേറ്റ്, ആൽബൻഡസോൾ എന്നീ ഗുളികകൾ അടങ്ങുന്ന ഒരു കൂട്ടമരുന്നു നൽകൽ പരിപാടി വർഷംതോറും നടത്തിവരുന്നു.

IMA-യേയും കേരളാ ആരോഗ്യ സർവ്വീസ് വകുപ്പിനേയും സഹകരിപ്പിച്ചു കൊണ്ട് വൻകരയിൽ നിന്നുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാരെ കൊണ്ടുവന്ന് ദ്വീപുകളിൽ മാറിമാറി ആരോഗ്യമേള നടത്തിവരുന്നു.

ഈ വർഷം ഫെബ്രുവരി മാസം അഗത്തിയിൽ ഒരു മെഗാ ആരോഗ്യമേള സംഘടിപ്പിക്കുന്നതാണ്.

കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന രോഗങ്ങൾ കണ്ടെത്തുന്നതിന് സ്കൂൾ ആരോഗ്യ പദ്ധതിയിൻ കീഴിൽ ഒരു സൂക്ഷ്മ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.

വിദഗ്ദ്ധ ചികിത്സയ്ക്കായി വൻകരയിലേക്ക് ഇവാകേറ്റ് /റഫർ ചെയ്ത BPL ഇനത്തിൽപ്പെട്ട 256 രോഗികൾക്ക് ഏതാണ്ട് 90 ലക്ഷത്തോളം രൂപ റീഇംബേഴ്സ്മെൻറായി ഈ വർഷം നൽകാൻ സാധിച്ചു.

കവരത്തി IGH -ലും MPLAD പദ്ധതിയിൻ കീഴിൽ ഗവൺമെൻറ് ഹോസ്പിറ്റൽ, മിനിക്കോയിലുമായി രണ്ട് ICU പ്രവർത്തിച്ചു വരുന്നു.

ഇത്തരം മൂന്ന് ICU-കൾ CHC, ആന്ത്രോത്ത് (MPLAD) CHC, അഗത്തി, CHC, അമിനി എന്നിവിടങ്ങളിൽകൂടി സ്ഥാപിക്കുന്നതാണ്.

എക്സ്റേ യൂണിറ്റുകളുടെ വിപുലീകരണം എല്ലാ ദ്വീപുകളിലും ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. മിനിക്കോയ് ഗവൺമെൻറ് ഹോസ്പിറ്റലിലെ എക്സ്റേ യൂണിറ്റിൻെറ ഡിജിറ്റലൈസേഷൻ പൂർത്തിയായി. കവരത്തി IGH എക്സ്റേ യൂണിറ്റിൻെറ ഡിജിറ്റലൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു.

20 ലക്ഷം രൂപ വില മതിക്കുന്ന ഡ്രോപ്ലർ അടങ്ങിയ ഒരു അൾട്രാ സൗണ്ട് മെഷീൻ എല്ലാ ദ്വീപുകൾക്കും നൽകിയിട്ടുണ്ട്.

കഴിഞ്ഞ വർഷം മുതൽ 10 കി. ഗ്രാം ശേഷിയുള്ള ഒരു ഇൻസിനറേറ്റർ കവരത്തി IGH -ൽ പ്രവർത്തിച്ചുവരുന്നു. ഇതുപോലുള്ള 8 ഇൻസിനറേറ്ററുകൾ മറ്റു ദ്വീപുകളിൽകൂടി സ്ഥാപിക്കുന്നതാണ്.

ഈ വർഷം എല്ലാ ദ്വീപുകൾക്കുമായി രണ്ട് കോടി രൂപയുടെ അലോപ്പതി മരുന്നുകളും, 90 ലക്ഷം രൂപയുടെ ആയുർവേദിക് / ഹോമിയോ മരുന്നുകളും മൂന്ന് കോടി രൂപയുടെ യന്ത്ര സാമഗ്രികളും നൽകി.

അഞ്ച് ദ്വീപുകളിൽ ടെലി മെഡിസിൻ സൗകര്യങ്ങൾ ലഭ്യമാണ്. മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നിവിടങ്ങളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ ഉപദേശം ഈ നെറ്റ് വർക്കിലൂടെ ജനങ്ങൾക്ക് കിട്ടുന്നു. ISRO-യുടെ വിദഗ്ദ്ധ സഹായത്തോടെ ഈ സമ്പ്രദായം ബാക്കി ദ്വീപുകളിലും സ്ഥാപിക്കുന്നതാണ്.

വൈകല്യമുള്ള കുട്ടികൾക്കായി കവരത്തിയിൽ ഒരു ഡേ കെയർ സെൻറർ പ്രവർത്തിച്ചുവരുന്നു. ഇത്തരം കുട്ടികളെ വീടുകളിൽ നിന്ന് ഡേ കെയർ സെൻററിൽ എത്തിക്കാനും, തിരിച്ച് വീട്ടിലെത്തിക്കാനുമായി ഒരു വണ്ടിയും നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസം :**

പ്രൈമറി സ്കൂൾ വിദ്യാഭ്യാസം ലക്ഷദ്വീപിൽ 100 ശതമാനം ആക്സസിബിലിറ്റി കൈവരിച്ചു. അതിൻെറ ഫലമായി 6 മുതൽ 14 വയസ് വരെയുള്ള വിഭാഗത്തിൻെറ

കൊഴിഞ്ഞുപോകൽ 0.01 ശതമാനമായി കുറയ്ക്കാൻ സാധിച്ചു. അടുത്ത കാലങ്ങളിൽ വിദ്യാഭ്യാസ വിഭാഗം സാക്ഷ്യം വഹിച്ച പുരോഗമന പദ്ധതികളിൽ ഉൾപ്പെടുന്നവ :

1. 2010-2011 അധ്യയന വർഷത്തിൽ ബിത്രയിൽ 8-ാം ക്ലാസ് ആരംഭിച്ചു.

2. ഈ അധ്യയന വർഷത്തിൽ അമിനി സീനിയർ സെക്കൻററി സ്കൂളിൽ കൊമേഴ്സ് ഗ്രൂപ്പിന് ആരംഭം കുറിച്ചു.

3. ബിത്ര ഉൾപ്പെടെ നിലവിലുള്ള പത്ത് നേഴ്സറി സ്കൂളുകളോടൊപ്പം വിവിധ ദ്വീപുകളിലായി എട്ട് നേഴ്സറി സ്കൂളുകൾകൂടി തുറന്നു.

4. എല്ലാ സീനിയർ സെക്കൻഡറി സ്കൂളുകളിലും ഏഴാം ക്ലാസ് വരെ CBSE ഇംഗ്ലീഷ് മീഡിയം നടപ്പിൽ വരുത്തി.

5. കവരത്തി, ആന്ത്രോത്ത് എന്നീ ദ്വീപുകളിലെ സീനിയർ ബേസിക് സ്കൂളുകൾ ഗേൾസ് ഹൈസ്കൂളുകളായി ഉയർത്തി.

6. കേരളത്തിലെ വിവിധ സംഘടനകളുടെ സഹായത്തോടുകൂടി പ്രൈമറി സെക്കൻഡറി അധ്യാപകർക്കായി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 14 ഇൻ സർവീസ് കോഴ്സ് / വർക്ഷോപ്പ് / സെമിനാർ എന്നിവ കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. ഇതിലൂടെ വിവിധ വിഷയങ്ങളിലായി ശരാശരി ഏഴ് ദിവസത്തെ പരിശീലനം 340 അധ്യാപകർക്കായി നൽകാൻ കഴിഞ്ഞു.

7. വിവിധ വിഷയങ്ങളിലായി 92 അധ്യാപകർക്ക് ഡയറ്റ് മുഖേന പരിശീലനം നൽകാൻ സാധിച്ചു.

8. 2009-2010 മുതൽക്ക് തന്നെ സ്കൂളുകളിൽ ഐ. ടി.-യുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസ പദ്ധതികൾക്ക് തുടക്കം കുറിച്ചിരുന്നു.

9. വി-സാറ്റ് സംവിധാനം സ്കൂളുകളിൽ ഉടനെ സ്ഥാപിക്കുന്നതാണ്.

10. 2009-2010 കാലയളവിൽ തന്നെ 33 റഗുലർ പോസ്റ്റ് ഗ്രാജുവേറ്റ് അധ്യാപകരെ നിയമിച്ചു.

11. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുമായി 250 എൻ. സി. സി. കാഡറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് ആന്ത്രോത്ത് ദ്വീപിൽ ഒരു പ്രത്യേക ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു.

12. ഡൽഹിയിലെ ജാമിയാ ഹംദർദ് യൂണിവേഴ്സിറ്റിയിൽ സിവിൽ സർവ്വീസ് കോച്ചിംഗിന് ആറ് പേരെ സ്പോൺസർ ചെയ്ത് അയക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറ് പ്രവേശന പരീക്ഷ നടത്തി.

13. ഒരു പുതിയ സംരംഭമെന്ന നിലയിൽ ദ്വീപുതല സ്കൂൾ കലോത്സവം നടത്തുന്നതാണ്. അടുത്ത അധ്യയന വർഷം ഈ സംരംഭം സ്കൂളുകൾ തമ്മിലുള്ള കലോത്സവമായി മാറുന്നതാണ്.

14. ലക്ഷദ്വീപിലെ എല്ലാ വിദ്യാർത്ഥികൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്.

15. സ്കൂളുകളിൽ ബാൻഡ് ട്രൂപ്പിൻെറ രൂപീകരണം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

16. കേരളത്തിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ ആൻറ് ട്രെയിനിംഗ് വിപുലീകരിച്ച കേരളാ ടെക്സ്റ്റ് ബുക്കുകളെ അടിസ്ഥാനപ്പെടുത്തി 27 പ്രൈമറി സ്കൂൾ അധ്യാപകർക്കായി ലക്ഷദ്വീപ് സർവ്വശിക്ഷാ അഭിയാൻെറ ആഭിമുഖ്യത്തിൽ അഞ്ച് ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം നൽകി. അതോടൊപ്പം 2009-2010 കാലയളവിൽ വിവിധ തട്ടുകളിലായി 365 പ്രൈമറി സ്കൂൾ അധ്യാപകർക്ക് പന്ത്രണ്ട് ദിവസത്തെ പരിശീലനവും നൽകി.

17. ഈ വർഷം രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന പദ്ധതികൂടി പ്രാബല്ല്യത്തിൽ വന്നു. ഇതിനുവേണ്ടി പഞ്ചായത്ത് പതിനാറ് ക്ലാസ് മുറികൾ കൂടുതലായി നിർമിക്കുന്നതാണ്.

18. HRD മന്ത്രാലയത്തിൽ നിന്ന് ലക്ഷദ്വീപിനുവേണ്ടി ഒരു ഡിഗ്രി കോളേജ് തുടങ്ങുന്നതിനുള്ള ഉത്തരവായി. ശേഷിക്കുന്ന രണ്ട് കോഴിക്കോട് സർവ്വകലാശാല കേന്ദ്രങ്ങളെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻെറ അഫിലിയേറ്റഡ് കോളേജുകളായി ഉയർത്തും.

**സ്പോർട്സ് ആൻറ് യൂത്ത് വകുപ്പ് :**

1. 695 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് യു. ടി. ലെവൽ SGFI & AIRS മീറ്റ് ചെത്ലാത്ത് ദ്വീപിൽ നടത്തി.

2. ഫുട്ബോൾ, വോളിബോൾ, സ്വിമ്മിംഗ്, അത്ലറ്റിക്ക് എന്നീ ഇനങ്ങളിലായി നാല് ടീമുകളെ ദേശീയ തലത്തിലുള്ള SGFI മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി ആന്തമാൻ, മധ്യപ്രദേശ്, മംഗലാപുരം, ഷോലാപ്പൂർ, പൂനെ എന്നിവിടങ്ങളിലേക്ക് അയയ്ക്കുകയുണ്ടായി.

3. കടമത്ത്, മിനിക്കോയ് എന്നീ ദ്വീപുകളിൽ നിന്നും യഥാക്രമം 14 വയസിനും, 17 വയസിനും താഴെയുള്ള രണ്ട് ഫുട്ബോൾ ടീമുകളെ ഡൽഹിയിൽ വെച്ച് നടന്ന ദേശീയ സുബ്രതോ മുഖർജി ടൂർണമെൻറിൽ പങ്കെടുപ്പിച്ചു.

4. 275 കായിക താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മിനിക്കോയ് ദ്വീപിൽ രണ്ടാമത്തെ ''യു. ടി. ലെവൽ കായികമേള -2010 '' അരങ്ങേറി.

5. കായിക രംഗം മെച്ചപ്പെടുത്തുന്നതിനായി ഇൻറർ ജെ. ബി. സ്പോർട്സ് ഫെസ്റ്റിവലും, ആനുവൽ ഡേ സ്പോർട്സും എല്ലാ ദ്വീപുകളിലും നടത്തുകയുണ്ടായി.

6. ലക്ഷദ്വീപിനെ പ്രതിനിധീകരിച്ച് NSS, NCC എന്നീ വിഭാഗങ്ങളിൽ നിന്നുള്ള രണ്ട് കാഡറ്റുകളെ വീതം തെരഞ്ഞെടുത്ത് ഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്നതിന് അയച്ചു.

7. കവരത്തിയിൽ സർക്കാർ ജീവനക്കാർക്കുവേണ്ടി ഒരു ബാഡ്മിൻറൺ ടൂർണമെൻറും കൽപേനി ദ്വീപിൽ ദ്വീപുതല വോളിബോൾ ടൂർണമെൻറും നടത്തുന്നതിന് തീരുമാനമായി.

8. കവരത്തി ഗവൺമെൻറ് സീനിയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയത്തിലെ ഈ പുതിയ വി. ഐ. പി. പവലിയൻെറ നിർമ്മാണം പൂർത്തിയായി. അമിനിയിലും, ആന്ത്രോത്തിലും ആരോഗ്യ ക്ലബ്ബിൻെറ ഉദ്ഘാടനം ഉടൻ നടക്കുന്ന

താണ്. ആന്ത്രോത്തിലെ ഇൻഡോർ സ്പോർട്സ് ഹാളിൻെറ നിർമ്മാണം പുരോഗമിക്കുന്നു. അമിനിയിൽ ഇതിനായി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു. മിനിക്കോയിൽ ഇതേ ആവശ്യത്തിന് സർക്കാർ ഭൂമി നീക്കിവെച്ചിരിക്കുന്നു.

**9.** 2011-ലെ യു. ടി. ലെവൽ SGFI & AIRS സെലക്ഷൻ മീറ്റ് അമിനിയിൽ വെച്ച് നടത്തുന്നതാണ്.

**വ്യവസായ വകുപ്പ് :**

കേരളത്തിലെ ആലപ്പുഴയിലുള്ള നാഷനൽ കയർ ട്രെയിനിംഗ് ആൻറ് ഡിസൈൻ സെൻററിൽ കയർ സാങ്കേതിക വിദ്യയിൽ ഒരു കൊല്ലത്തെ മികവുറ്റ പരിശീലനത്തിനായി പത്ത് പേരെ സ്പോൺസർ ചെയ്യാൻ സാധിച്ചു. ലക്ഷദ്വീപിലേക്കെത്തുന്ന സന്ദർശകരുടെ ആവശ്യം പരിഗണിച്ച് ചെറുകിട വ്യവസായ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കരവിരുതിൽ താൽപര്യമുള്ള തദ്ദേശീയരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഗത്തിയിൽ അവർക്കായി ഒരു മാസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിലൂടെ 24 തദ്ദേശീയർക്ക് പരിശീലനം നൽകാൻ സാധിച്ചു. കൽപേനി, അമിനി, മിനിക്കോയ് എന്നിവിടങ്ങളിൽ ഇത്തരം പരിശീലന പരിപാടികൾ നടത്തുന്നതാണ്.

കൽപേനിയിൽ ഒരു കരകൗശല വിൽപനശാല സ്ഥാപിച്ചു. അഗത്തിയിലും, കടമത്തും ഇത്തരം കരകൗശല വിൽപനശാല ഉടൻ പണി പൂർത്തിയാകും. ചെത്‌ലാത്ത് ദ്വീപിലെ പരമാവധി തൊണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിനായി അവിടെ ഒരു ഫൈബർ ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ലക്ഷദ്വീപിലെ റജിസ്റ്റർ ചെയ്യപ്പെട്ട പന്ത്രണ്ട് വ്യവസായ സംരംഭകർക്ക് മൂലധന നിക്ഷേപത്തിന് 25 ശതമാനം ഇളവ് അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**പോലീസ് :**

- എല്ലാ ദ്വീപുകളിലും ക്രമസമാധാനസ്ഥിതി സാധാരണവും സമാധാനപരവുമായിരുന്നു. 2010-ൽ റജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 64 ആണ്. ഇത് കഴിഞ്ഞ വർഷം 141 ആയിരുന്നു.

- ഒക്ടോബർ 2010 മുതൽ മിനിക്കോയ്, കിൽത്താൻ എന്നിവിടങ്ങളിലെ തീരദേശ പോലീസ് സ്റ്റേഷൻെറ പ്രവർത്തനം പ്രാബല്ല്യത്തിൽ വന്നു.

- ഗോവ ഷിപ്‌യാർഡിൽ നിന്നും വാങ്ങിയ അഞ്ച് ടണ്ണിൻെറ രണ്ട് ഇൻറർസെപ്റ്റർ ബോട്ടുകളുടെ പ്രവർത്തനം ആരംഭിക്കുകയും ഇവ ആന്ത്രോത്ത്, മിനിക്കോയ് എന്നീ ദ്വീപുകളിലെ തീരദേശ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുകയും ചെയ്തു. പന്ത്രണ്ട് ടണ്ണിൻെറ ഇത്തരം ഒരു ബോട്ട് കൂടി കവരത്തി തീരദേശ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതാണ്.

- ഗോവ ഷിപ്പ്‌യാർഡിൽ നിന്നും വീണ്ടും അഞ്ച് ടണ്ണിൻെറ രണ്ടും, പന്ത്രണ്ട് ടണ്ണിൻെറ ഒന്നും ഇൻറർ സെപ്റ്റർ ബോട്ടുകൾ വീതം 2011 ജനുവരി 14-ാം തിയതി പുറത്തിറക്കി.

● ഒഴിഞ്ഞുകിടക്കുന്ന 84 കോൺസ്റ്റബിൾ (എക്സിക്യൂട്ടീവ്) പോസ്റ്റുകൾ നികത്തുന്നതിനുവേണ്ടി നേരിട്ടുള്ള റിക്രൂട്ട്മെൻറിന് 31.12.2010-ന് പരസ്യം കൊടുത്തു കഴിഞ്ഞു. 120 ദ്വീപുകാരെ വിവിധ തലങ്ങളിലായി 2010-ൽ നിയമിച്ചിട്ടുണ്ട്.

● പുതുതായി നേടിയ അഞ്ച് ഫയർ ടെണ്ടറുകൾ കവരത്തി, ആന്ത്രോത്ത്, മിനിക്കോയ്, അഗത്തി, അമിനി എന്നീ ദ്വീപുകൾക്കായി അനുവദിച്ചുകൊടുത്തു. ഈ സാമ്പത്തിക വർഷം വേറെ അഞ്ച് ഫയർ ടെണ്ടറുകൾക്കൂടി കരസ്ഥമാക്കാനും ബാക്കി ദ്വീപുകൾക്ക് നൽകാനും തീരുമാനമായി.

● ഇന്ത്യൻ നേവി, ആർമി, കോസ്റ്റ് ഗാർഡ്, യു. ടി. പോലീസ്, മറൈൻ പോലീസ്, ഇൻറലിജൻസ് ബ്യൂറോ, ഐ. ആർ. ബി. എൻ., യു. ടി. അഡ്മിനിസ്ട്രേഷൻെറ താഴെയുള്ള വിവിധ ഡിപ്പാർട്ടുമെൻറുകൾ എന്നിവയെ ഉൾപ്പെടുത്തി നെപ്ട്യൂൺ II എന്ന പേരിലുള്ള ഒരു കോസ്റ്റൽ സെക്യൂരിറ്റി എക്സർസൈസ് 2010 സെപ്തംബർ 14, 15 തിയതികളിൽ നടത്തി. വേറൊരു എക്സർസൈസ് മാർച്ച് 2011-ൽ നടത്തുന്നതിന് വെച്ചിട്ടുണ്ട്.

● ചെത്‌ലാത്ത്, അഗത്തി, കടമത്ത് എന്നിവിടങ്ങളിൽ പുതിയ തീരദേശ പോലീസ് സ്റ്റേഷനുകളും, 12 ടണ്ണിൻെറ 6 ഇൻറർസെപ്റ്റർ ബോട്ടുകളും, 12 റബ്ബർ ഇൻഫ്ളേറ്റഡ് ബോട്ടുകളും, 3 ഫോർ വീലർ വണ്ടികളും, 6 ടൂ വീലറുകളും, 2 ജെട്ടികളും ലക്ഷദ്വീപിനുവേണ്ടി ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിരിക്കുന്നു.

● ഐ. ആർ. ബറ്റാലിയനുള്ള നിർബന്ധ അറ്റാച്ച്മെൻറ് ട്രെയിനിംഗ് അഞ്ച് സബോർഡിനേറ്റ് ഓഫീസർമാരുടേയും 71 മറ്റ് റാങ്കിലുള്ള ഓഫീസർമാരുടേയും നേതൃത്വത്തിൽ ബോർഡർ സെക്യൂരിറ്റി ഫോഴ്സിൻെറയും, ആസാം റൈഫിൾസിൻേറയും കൂടെ മണിപ്പൂരിലും, നാഗാലാൻറിലും വിജകരമായി പൂർത്തീകരിച്ചു.

● അഗത്തി, കവരത്തി എന്നിവിടങ്ങളിലായി ഐ. ആർ. ബറ്റാലിയനുവേണ്ടിയുള്ള ബാരക്കുകൾ നിർമ്മിക്കുന്നതാണ്.

**ശാസ്ത്ര സാങ്കേതിക വകുപ്പ് :**

ഗവൺമെൻറ് സീനിയർ സെക്കൻഡറി സ്കൂൾ കവരത്തി, ഗവൺമെൻറ് ഗേൾസ് സീനിയർ സെക്കൻററി സ്കൂൾ കവരത്തി, ജവഹർ നവോദയ വിദ്യാലയ മിനിക്കോയ്, ഗവൺമെൻറ് സീനിയർ സെക്കൻററി സ്കൂൾ മിനിക്കോയ് എന്നിവിടങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ നാല് ടീമുകൾ 2010 ഡിസംബർ 27 മുതൽ 31 വരെ ചെന്നൈയിൽ വെച്ച് നടന്ന ദേശീയ ചിൽഡ്രൻസ് സയൻസ് കോൺഗ്രസിൽ പങ്കെടുത്തു.

അഗത്തി, അമിനി, ചെത്‌ലാത്ത്, കടമത്ത്, കൽപേനി, കിൽത്താൻ എന്നിവിടങ്ങളിലേയ്ക്കായി ഇൻസിനറേറ്റർ വാങ്ങാനുള്ള സപ്ലൈ ഓർഡർ കൊടുത്തു കഴിഞ്ഞു. ഈ വർഷം തന്നെ ഇവ ഈ ദ്വീപുകളിൽ സ്ഥാപിക്കുന്നതാണ്.

പത്ത് ദ്വീപുകളിലായി 21 ബയോടോയിലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൻെറ വിജയത്തിൻെറ അടിസ്ഥാനത്തിൽ ദ്വീപിലെ എല്ലാ വീടുകളിലേക്കുംകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ അഡ്മിനിസ്ട്രേഷൻ തീരുമാനിച്ചിരിക്കുന്നു.

ഏറ്റവും ചെറിയ ദ്വീപുകളായ ബിത്ര, ബംഗാരം, സുഹേലി എന്നിവിടങ്ങളിൽ, അനുയോജ്യമായ തരത്തിലുള്ള ഡീസാലിനേഷൻ ടെക്നോളജി സ്ഥാപിക്കുന്നതാണ്.

കവരത്തിയിൽ രണ്ട് 18 എയർക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സെൻട്രൽ പൊലൂഷൻ കൺട്രോൾ ബോർഡിൻെറ അംഗീകാരം ലഭിച്ചു.

**ഇൻഫർമേഷൻ ടെക്നോളജി :**

1. അഡ്മിനിസ്ട്രേഷന് താഴെയുള്ള വിവിധ വകുപ്പുകളിൽ നിന്നുമായി 124 തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കും 37 LPWD വെൻറർമാർക്കുമായി ഇ-ടെണ്ടറിംഗ് സൊല്യൂഷൻെറ ഒരു ഹാൻസ്-ഓൺ-പരിശീലനം നൽകി.

കവരത്തിയിലെ യു. ടി. ഗസ്റ്റ് ഹൗസ് ഒന്നാം ഘട്ടത്തിൻെറ (ഗ്രൗണ്ട് ഫ്ളോർ) നിർമ്മാണത്തിന് പി. ഡബ്ല്യു. ഡി.-ക്ക് വേണ്ടി ചെയ്ത് പ്രഥമ ഇ-ടെണ്ടറിംഗ് പദ്ധതി വിജയകരമായി പൂർത്തിയാക്കി.

2. WIPRO സംഘത്തിൻെറ സഹായത്തോടെ 2033 സർക്കാർ ജീവനക്കാർക്ക് അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനവും ഇ-ഗവേണൻസ് പരിശീലനവും നൽകി.

3. അഡ്മിനിസ്ട്രേഷൻെറ വെബ്സൈറ്റായ www.lakshadwep.gov.in ചലനാത്മകവും, ആവേശോജ്ജ്വലവും, പൗര കേന്ദ്രീകൃത സമീപന രീതിയിലുമായി വികസിപ്പിച്ചെടുത്തു.

ഓരോ ദ്വീപുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതിനു പുറമെ ലക്ഷദ്വീപ് കോസ്റ്റൽ സോൺ മാനേജ്മെൻറ് അതോറിറ്റി (LCZMA) ഡയറ്റ് (DIET) എന്നിവയുടെ പേരിലും വെബ്സൈറ്റുകൾ തുടങ്ങിയിട്ടുണ്ട്.

**സോഷ്യൽ വെൽഫെയർ ആൻറ് ട്രൈബൽ അഫയേഴ്സ് :**

2010 നവംബർ വരെയുള്ള പെൻഷൻ തുകയായ 77 ലക്ഷം രൂപ പെൻഷൻകാർക്ക് നൽകുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിനെ ഏൽപിച്ചു. ഇനി മുതൽ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്.

2010 ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര വൃദ്ധ ദിനമായി ആചരിച്ചു.

**വിമൺ ആൻറ് ചൈൽഡ് ഡവലപ്പ്മെൻറ് :**

1. ഭാരത സർക്കാരിൻെറ വിമൺ ആൻറ് ചൈൽഡ് ഡവലപ്പ്മെൻറ് ജോയിൻറ് സെക്രട്ടറിയുമായി ഇൻറഗ്രേറ്റഡ് ചൈൽഡ് സംരക്ഷണ സ്കീം നടപ്പിലാക്കുന്നതിനുള്ള ധാരണാ പത്രത്തിൽ ഒപ്പു വെച്ചു.

2. ജില്ലാ ചൈൽഡ് സംരക്ഷണ സൊസൈറ്റി രൂപീകരിക്കുകയും, സൊസൈറ്റിയുടെ നിയമാവലികൾക്ക് രൂപകൽപന ഉണ്ടാക്കുകയും ചെയ്തു.

3. ലക്ഷദ്വീപിലെ ഏഴ് ദ്വീപുകളിൽ സ്വയം സഹായക സംഘങ്ങളുടെ ഉൽപന്നങ്ങൾ ആകർഷകമായ രീതിയിൽ പാക്ക് ചെയ്യുന്നതിനുള്ള ഏഴ് പാക്കിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**4.** സ്വയം സഹായ സംഘങ്ങൾക്ക് തുന്നലിൽ നൈപുണ്യം നേടുന്നതിനായി 8 ദ്വീപുകളിൽ തുന്നൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**കലാ-സാംസ്കാരിക വകുപ്പ് :**

**1.** ലക്ഷദ്വീപിലെ തദ്ദേശീയരായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷദ്വീപ് കലാ അക്കാദമി കവരത്തിയിൽ ത്രിദിന ചിത്രരചനാ ക്യാമ്പ് സംഘടിപ്പിച്ചു. ഇതിൽ 20 കലാകാരന്മാർ പങ്കെടുക്കുകയും ഗുണ നിലവാരമുള്ള 40-ൽ കൂടുതൽ കലാ സൃഷ്ടികൾ ഉരുത്തിരിയുകയും ചെയ്തു.

**2.** ലക്ഷദ്വീപിലെ എഴുത്തുകാരേയും, കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കലാ അക്കാദമി 2010 ആഗസ്റ്റിൽ ‘ കലാ തരംഗ ’ ത്തിൻെറ അഞ്ചാം പതിപ്പ് പുറത്തിറക്കി.

**3.** ഒറീസ, കേരളം, അരുണാചൽപ്രദേശ്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണാടക, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ള 100-ൽപരം കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് കലാ അക്കാദമി 2010 ഒക്ടോബർ 18 മുതൽ 23 വരെ അഞ്ച് ദ്വീപുകളിലായി ‘‘അത്തൊളു-ഈദു’’ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിവിധ ദ്വീപുകളിൽനിന്നുമായി 200-ൽപരം കലാകാരന്മാർ പങ്കെടുത്തു.

**4.** ബഹുമാനപ്പെട്ട രാജ്യരക്ഷാ മന്ത്രി, ആഭ്യന്തര മന്ത്രി, പാർലമെൻററി കമ്മിറ്റി എന്നിവരുടെ സന്ദർശന വേളയിൽ കലാ അക്കാദമി വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

**5.** ലക്ഷദ്വീപിലെ ചിത്രരചനാ മേഖലയ്ക്ക് നൽകിയ സംഭാവനകളെ മാനിച്ച് ആന്ത്രോത്ത് ദ്വീപുകാരനായ ശ്രീ എൻ. കെ. പി. മുത്തുകോയയെ, കേരള ലളിതകലാ അക്കാദമി, ടി. കെ. പത്മിനി പുരസ്കാരത്തിന് (30,000 രൂപ) തെരഞ്ഞെടുത്തു.

**പഞ്ചായത്ത് :**

പഞ്ചായത്തുകളുടെ സ്വന്തം പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി 2.20 കോടി രൂപ ഗ്രാൻറ്-ഇൻ-എയ്ഡ് ആയി ഡിപ്പാർട്ട്മെൻറിൽ നിന്നും ലഭിച്ചു.

പൊതു ആരോഗ്യ സംരക്ഷണത്തിനും, ശുചിത്വത്തിനുമായി 50 ലക്ഷം രൂപ കൂടി പഞ്ചായത്തിന് നൽകി. ആന്തരിക ഘടനയുടെ പുരോഗതിയ്ക്കായി ഒരു കോടി രൂപയും നൽകുകയുണ്ടായി.

**ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് :**

ലക്ഷദ്വീപിലെ വളർന്നുവരുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവരുടെ കലാ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് 2011-ലെ പുതിയ കലണ്ടർ പുറത്തിറക്കി. ഈ സംരംഭത്തെ ലക്ഷദ്വീപിലെ ആബാലവൃദ്ധം ജനങ്ങൾ സ്വീകരിക്കുകയും അനുമോദിക്കുകയും ചെയ്തു.

അഹമ്മദാബാദ് ‘‘ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ’’ എന്ന സ്ഥാപനത്തിലെ അവസാന വർഷ വിദ്യാർത്ഥികൾ ‘‘ ലക്ഷദ്വീപിലെ വിനോദ സഞ്ചാര വികസനം ’’, ‘‘ ലക്ഷദ്വീപും അതിലെ ജനതയും ’’ എന്നിങ്ങനെയുള്ള രണ്ട് ഡോക്യുമെൻററി സിനിമകളുടെ നിർമ്മാണ പ്രവർത്തനത്തിലാണ്.

സ്ഥിരമായ സാംസ്കാരിക പരിപാടികൾക്കുവേണ്ടി ഈ വകുപ്പ് സ്റ്റേജ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്.

കലാ-സാംസ്കാരിക പരിപാടികൾ റെക്കോർഡ് ചെയ്യുന്നതിനും, റിലേ ചെയ്യുന്നതിനുമായി എല്ലാ ദ്വീപുകളിലും ഗുണനിലവാരമുള്ള വീഡിയോയും നിശ്ചല ക്യാമറകളും, പി. എ. സിസ്റ്റവും വാങ്ങുന്ന പരിപാടി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

**റോഡ് ഗതാഗത വകുപ്പ് :**

വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് എളുപ്പമാക്കുന്നതിനുള്ള അറിവ് നൽകുന്നതിനായി പൊതുജനങ്ങൾക്ക് കവരത്തി ദ്വീപിൽ കമ്പ്യൂട്ടർവൽകൃത '' ടച്ച് സ്ക്രീൻ ക്വിയോസ് '' സ്ഥാപിച്ചു. ഇത് ലേണേഴ്സ് ലൈസൻസ് നൽകുന്നത് എളുപ്പമാക്കാൻ നിമിത്തമാകും. മറ്റു ദ്വീപുകളിലെ ഡ്രൈവിംഗ് ലൈസൻസ്, ലേണേഴ്സ് ലൈസൻസ്, അവ പുതുക്കൽ എന്നിവ എളുപ്പത്തിൽ നൽകുന്നതിനുള്ള സൗകര്യാർത്ഥം ഡിപ്പാർട്ട്മെൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ ഷെഡ്യൂൾ പ്രസിദ്ധീകരിക്കുന്നതാണ്.

കവരത്തി, ആന്ത്രോത്ത്, അമിനി, അഗത്തി, മിനിക്കോയ് എന്നീ പ്രധാന ദ്വീപുകളിലായി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

**ഭാരത സർക്കാരിൻെറ മറ്റ് സമയബന്ധിത പദ്ധതികൾ :**

**(a)** NPR-LRUR പരസ്യപ്പെടുത്തുന്നതാണ്.

**(b)** സെൻസസ്-2011 ഫെബ്രുവരി 9 മുതൽ 28 വരെ ലക്ഷദ്വീപിൽ സെൻസസ് പ്രവർത്തനങ്ങൾ കാണപ്പെടും. ഇന്ത്യൻ റജിസ്ട്രാർ ജനറലുടെ ഷെഡ്യൂൾ അനുസരിച്ച് എന്യൂമറേറ്റേഴ്സിന് വിവരങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാ വിധ സഹായ സഹകരണങ്ങളും നൽകണമെന്ന് ഞാൻ ഈ അവസരത്തിൽ ഓരോ പൗരന്മാരോടും ആവശ്യപ്പെടുന്നു. ഈ വിവരങ്ങൾ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഭാരത സർക്കാറിന് പ്രയോജനപ്പെടുന്നതാണ്.

**(c)** UIDAI- എതിർപ്പുകൾക്ക് തീർപ്പുണ്ടായാൽ ഉടൻ NPR- ഡാറ്റാ UIDAI- യ്ക്കുവേണ്ടി ഉപയോഗിക്കുന്നതാണ്.

**(d)** തെരഞ്ഞെടുപ്പ്-1.1.2011 അവസാന തിയതി നിശ്ചയിച്ച വോട്ടർ പട്ടികയുടെ സമ്മറി ഡിവിഷനിൽ പങ്കാളികളായ എല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു. 2011 ജനുവരി 5-ാം തിയതി അവസാന വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുകയും ജനുവരി 25 ദേശീയ സമ്മതിദായക ദിനമായി ആഘോഷിക്കുകയും ചെയ്തു.

**(e)** MPLAD- ഇപ്പോഴത്തേയും മുമ്പത്തേയും ബഹുമാനപ്പെട്ട എം. പി. മാർ ശുപാർശ ചെയ്ത പദ്ധതികൾ ഞാൻ നേരിട്ട് നിരീക്ഷിക്കുന്നു. മിനിക്കോയിലെ ഇൻറൻസീവ് കെയർ യൂണിറ്റിൻെറയും, അമിനിയിലെ അൾട്രാ സ്കാനറിൻെറയും ഇതര ഉപകരണങ്ങളുടേയും ഉദ്ഘാടനവും ചെത്‌ലാത്ത് ദ്വീപിലെ ഏതാണ്ട് 2.5 കി. മീ. വരുന്ന റോഡിൻെറ തറക്കല്ലിടൽ കർമ്മവും ആദരണീയനായ ലോക സഭാംഗം, ശ്രീ ഹംദുള്ളാ സഈദ് നിർവ്വഹിച്ചു.

കടമത്ത്, മിനിക്കോയ് എന്നീ ദ്വീപുകളിലേയ്ക്കുള്ള ഇൻഡോർ സ്റ്റേഡിയവും അതുപോലുള്ള മറ്റനവധി പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

(f) ആർകിടെക്റ്റിൽ നിന്നും ലഭിച്ച ഡിസൈനും എസ്റ്റിമേറ്റും അനുസരിച്ചുള്ള ഡിസാസ്റ്റർ റിലീഫ് ഷെൽറ്റർ-കം-ഇവാക്വേഷൻ സെൻററുകൾ ഏഴ് ദ്വീപുകളിൽ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൻ കീഴിൽ (PMNR) നിർമ്മിക്കാനുള്ള ആവശ്യം സമർപ്പിച്ചിട്ടുണ്ട്.

**ലക്ഷദ്വീപ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് :**

24 വെസലുകൾ പ്രവർത്തിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് കപ്പൽ ഗതാഗത രംഗത്ത് ലക്ഷദ്വീപ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു വലിയ പാസഞ്ചർ വെസൽ മാനേജ്മെൻറ് കമ്പനിയായി മാറിയിരിക്കുന്നു. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും നാല് കപ്പലുകളുടെ പ്രവർത്തനം കൂടി ഞങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പുതുതായി നിർമ്മിച്ച ' ലക്ഷദ്വീപ് സീ ' എന്ന കപ്പൽ കൂടി 3.11.2010-ന് നമ്മുടെ കപ്പൽ കൂട്ടത്തിലേക്ക് ഉൾപ്പെടുത്തിയിരിക്കുന്നു. ഏകദേശം 437 ദ്വീപുകാർ ഇപ്പോൾ LDCL-ൽ ലാഭകരമായ ജോലി ചെയ്തുകൊണ്ടിരിക്കുന്നു.

മുൻ വർഷത്തെ ട്യൂണാ ക്യാനിൻെറ ഉൽപാദനമായ 125982 ക്യാനുകളിൽ നിന്നും 2009-2010 കാലയളവിൽ 152842 ക്യാനുകളായി വർദ്ധിപ്പിക്കാൻ സാധിച്ചു.

കൽപേനി, അഗത്തി, അമിനി എന്നീ ദ്വീപുകളിൽ എൽ. ഡി. സി. എൽ., ഡി. സി. പി.-യും ഓയിൽ എക്സ്ട്രാക്ഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. 2011 മാർച്ചോടുകൂടി ഈ യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉപസംഹാരം :**

ഞാനിത് അവസാനിപ്പിക്കുമ്പോൾ ബഹുമാന്യനായ പാർലമെൻറ് അംഗം, അഡ്വ. ഹംദുള്ളാ സഈദ്, പ്രസിഡൻറ്-കം-ചീഫ് കൗൺസലർ, ശ്രീ എ. ജലാലുദ്ദീൻകോയ, വൈസ് പ്രസിഡൻറ് -കം- കൗൺസലർമാർ, അവരുടെ ടീം അംഗങ്ങൾ, വിവിധ വില്ലേജ് (ദ്വീപ്) പഞ്ചായത്ത് ചെയർ പേഴ്സൺമാർ, അവരുടെ മെമ്പർമാർ, എച്ച്. എം. എ. സി., എ. എ. സി. അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ, സമുന്നതരും പ്രതിജ്ഞാബദ്ധരുമായ ഉദ്യോഗസ്ഥർ, സർവ്വോപരി ഈ പ്രദേശത്തിലെ പ്രിയപ്പെട്ട ജനങ്ങൾ തുടങ്ങിയവർ ഈ ഭരണകൂടത്തിന് നൽകിയ സഹായസഹകരണങ്ങൾക്ക് എൻെറ ഹൃദയംഗമമായ കൃതജ്ഞത അറിയിക്കുന്നു. ഇന്ത്യാ മഹാരാജ്യത്തിലെ ഒരു മാതൃകാപ്രദേശമാക്കി ഈ കൊച്ചു ദ്വീപുകളെ മാറ്റിയെടുക്കാൻ ആത്മാർത്ഥതയോടും ഐക്യത്തോടും കൂടി പ്രവർത്തിക്കുന്നതിനായുള്ള നമ്മുടെ പ്രതിജ്ഞ ഈ സുദിനത്തിൽ പുതുക്കാം. ഈ ഉദ്ദേശങ്ങൾ നേടുന്നതിനായി ഞാൻ പരമാവധി പ്രവർത്തിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകുന്നു.

അള്ളാഹു നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ !

**ജയ്ഹിന്ദ് !**